
ചരിത്ര വിസ്മയങ്ങളും വൈവിധ്യങ്ങളും നിറഞ്ഞ തിരുവനന്തപുരത്തിന്റെ വിശേഷങ്ങളുമായി എല്ലാ ആഴ്ചയും. തിരുവനന്തപുരം കാഴ്ച

Trivandrum View

# ചുറ്റിനും റിയാലിറ്റി



**3 മാസത്തിനുള്ളിൽ വരും ഓഗ്‌മെന്റഡ് വിസ്മയം**

kerala
God's Own Country

### ആപ്പിന്റെ പ്രവർത്തനം

- എല്ലാ സ്മാർട്ട് ഫോണിലും ഓഗ്‌മെന്റഡ് റിയാലിറ്റി സൗകര്യം ആസ്വദിക്കാം
- വിനോദസഞ്ചാരവകുപ്പിന്റെ ഔദ്യോഗിക ആപ്പായ കേരള ടൂറിസം ഡൗൺലോഡ് ചെയ്യണം
- തുടർന്ന് ഹെറിറ്റേജ് വാക്ക് പദ്ധതി പ്രദേശത്ത് എത്തുമ്പോൾത്തന്നെ ഇവിടെ ഓഗ്‌മെന്റഡ് റിയാലിറ്റി (എആർ)സൗകര്യം ലഭ്യമാണെന്ന സന്ദേശം ഫോണിൽ വരും.
- ആപ് വഴി കാമറ തുറന്നാൽ ദൃശ്യത്തോടൊപ്പം ആ സ്ഥലത്തിന്റെ പേര്, പ്രത്യേകത, ചരിത്രം. ആ പ്രദേശവുമായി ബന്ധപ്പെട്ട വീഡിയോകൾ എന്നിവ കാണാം. ശബ്ദസന്ദേശമായും വീഡിയോ, അനിമേഷൻ രൂപത്തിലും വിവരങ്ങൾ തെളിയും
- ഉദാഹരണത്തിന് ക്ഷേത്ര ഗോപുരത്തിന് മുന്നിലെത്തുന്ന സഞ്ചാരി മൊബൈൽ കാമറ ഓൺ ചെയ്തുപിടിച്ചാൽ ഗോപുരത്തിന്റെ പ്രത്യേകതകളും സവിശേഷതയുമൊക്കെ ആപ് വിവരിക്കും. തുടർന്ന് ലക്ഷദീപം, നവരാത്രി ആഘോഷം തുടങ്ങിയവയുടെ വീഡിയോയും മറ്റ് അനുബന്ധ വീഡിയോകളുടെ വിവരങ്ങളും അറിയിപ്പ് വരും. ക്ലിക് ചെയ്താൽ എച്ച്ഡി മികവിലുള്ള 360 ഡിഗ്രി വീഡിയോ തെളിയും.
- മൊബൈൽ ഗൈഡായും ആപ് പ്രവർത്തിക്കും. സമീപത്തെ ഹോട്ടലുകൾ, ശൗചാലയങ്ങൾ എന്നിവയും ആപ് കാട്ടിത്തരും


■ എസ് കിരൺബാബു
തിരുവനന്തപുരം

പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ചരിത്രവും ഐതിഹ്യവുമെല്ലാം ഇനി നിങ്ങളുടെ ഉള്ളംകൈയിലെത്തും. വെറും വിക്കിപീഡിയ വിവരങ്ങളായല്ല, കണ്ണിനുമുന്നിലെ ചലന ചിത്രങ്ങളായി. ക്ഷേത്രത്തിന്റെ എല്ലാ ആഘോഷാരവങ്ങളും ഏതു സമയത്തും നിങ്ങൾക്ക് അനുഭവിക്കാനുമാകും. വിനോദസഞ്ചാര വകുപ്പിന്റെ കേരള ടൂറിസം ആപ് മാത്രം ഫോണിൽ ഉണ്ടായാൽ മതി.

വിനോദസഞ്ചാര വകുപ്പിന്റെ ഓഗ്‌മെന്റഡ് റിയാലിറ്റി (പ്രതീതി യാഥാർഥ്യം) ഹെറിറ്റേജ് വാക്ക് പദ്ധതിയാണ് ഇതിനായി ഒരുങ്ങുന്നത്. മൂന്നു മാസത്തിനകം പദ്ധതി നടപ്പാക്കും. കിഴക്കേകോട്ട, ചാല ഉൾപ്പെടെ ക്ഷേത്രപരിസരത്തെ അമ്പതോളം സ്ഥലങ്ങളാണ് പൈതൃക പാതാ പദ്ധതിയിൽ ഉള്ളത്.

കേരള, ദ്രാവിഡ ശൈലികളുടെ സങ്കരമായ ക്ഷേത്രനിർമിതിയുടെ സവിശേഷതകളും പ്രത്യേകതകളുമെല്ലാം വീഡിയോയിൽ സഞ്ചാരിക്ക് അറിയാനാകും. കിഴക്കേകോട്ട ഗാന്ധിപാർക്ക് മുതൽ കോട്ട വാതിലിൽ അവസാനിക്കുന്ന പാതയിൽ എവിടെവച്ചും ഫോണിലെ ആപ് വഴി കാമറ തുറന്നാൽമതി.

പത്മനാഭക്ഷേത്രത്തിനു മുന്നിലാണ് കാമറ എങ്കിൽ നവരാത്രി ആഘോഷം, ലക്ഷദീപം, പൈങ്കുനി ഉത്സവം, വേലകളി, പള്ളിവേട്ട, അൽപ്പശി ഉത്സവം എന്നിവയുടെ എച്ച്ഡി മികവോടെയുള്ള വീഡിയോ കാണാം, അതും നാനാഭാഗവും ഒപ്പിയെടുക്കുന്ന 360 ഡിഗ്രി വീഡിയോ. ത്രീഡി അനിമേഷൻ, നാവിഗേഷൻ മാപ് എന്നിവയുമുണ്ട്.




### പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ

കിഴക്കേകോട്ട, പഴവങ്ങാടി ക്ഷേത്രം, പുത്തരിക്കണ്ടം മൈതാനം, ചാല, വെട്ടിമുറിച്ചകോട്ട, പത്മതീർഥക്കുളം, പത്മതീർഥക്കര ശിവപാർവതി ക്ഷേത്രം, നവഗ്രഹക്ഷേത്രം, അഭേദാശ്രമം, കല്ലാന ശിൽപ്പം, മേത്തൻമണി, കരുവേലപ്പുര മാളിക, നവരാത്രി ആഘോഷം, ലക്ഷദീപം, പൈങ്കുനി ഉത്സവം, വേലകളി, പള്ളിവേട്ട, അൽപ്പശി ഉത്സവം, തീർഥപാദമണ്ഡപം, കാർത്തിക തിരുനാൾ തിയറ്റർ, സിവിഎൻ കളരിസംഘം, രംഗമാളിക, സ്വാതി തിരുനാൾ മ്യൂസിയം, അനന്തവിലാസം കൊട്ടാരം, ഭജനപ്പുര, കുതിരമാളിക, കുഴിമാളിക, കൃഷ്ണവിലാസം കൊട്ടാരം, തെക്കേനട, ശൃംഗേരി മഠം, രാമവർമപുരം ഗ്രാമം, തെക്കേകോട്ട, പുത്തൻതെരുവ്, സിംഹക്കോട്ട വാതിൽ, ശ്രീവരാഹം ക്ഷേത്രം, കാഞ്ചിമഠം, നമ്പി മഠം, മിത്രാനന്ദപുരം ക്ഷേത്രം, ശംഖുചക്രം കൊട്ടാരം, പടിഞ്ഞാറേക്കോട്ട, സുന്ദരവിലാസം കൊട്ടാരം, വേട്ടയ്ക്കൊരുമകൻ ക്ഷേത്രം, മാർഗി, മതിലകം രേഖകൾ, ഫോർട്ട് സ്കൂൾ, വടക്കേ കൊട്ടാരം, ഫോർട്ട് സ്കൂൾ, ശ്രീപാദം കൊട്ടാരം, കോട്ടവാതിൽ.

**മന്ത്രി പി എ മുഹമ്മദ് റിയാസ്**

> വിനോദസഞ്ചാര മേഖലയിൽ നൂതന സാങ്കേതികവിദ്യകളുടെ സാധ്യത പ്രയോജനപ്പെടുത്തും. ഓഗ്‌മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി തുടങ്ങിയവയുടെ സഹായത്തോടെ സഞ്ചാരികളുടെ അനുഭവങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുകയാണ് ലക്ഷ്യം

# കശ്മീരിലേക്ക് ... സന്ദീപിന്റെ മോഹസവാരി

■ ദിനേശ് വർമ
തിരുവനന്തപുരം

ഒരു മോഹത്തിൽനിന്ന് തുടങ്ങിയ സൈക്കിൾ യാത്രയ്ക്കാണ് കേശവദാസപുരം സ്വദേശി സന്ദീപ് ഉണ്ണി വെള്ളിയാഴ്ച തുടക്കം കുറിച്ചത്; ഇന്ത്യയെ അറിയുക.

സൈക്കിൾ സവാരി മുമ്പേ കമ്പം. കൊല്ലത്തേക്കും പത്തനംതിട്ടയിലേക്കും മറ്റും സൈക്കിളിൽ പോയിവരുക വെറും ഹോബി മാത്രം. അപ്പോഴാണ്, എന്തുകൊണ്ട് ഇന്ത്യയുടെ ഹൃദയഭൂമിയിലൂടെ സഞ്ചരിച്ച് ഹിമവാന്റെ മന്ദസ്മിതങ്ങൾ ഏറ്റുവാങ്ങി വന്നുകൂട എന്ന് ചിന്തിച്ചത്. യാത്ര തുടങ്ങിയപ്പോൾ പക്ഷേ, ആശയത്തിന്റെ ബലവും സന്ദീപ് നൽകി. "നമ്മെ സംരക്ഷിക്കുന്ന ഡോക്ടർമാരേയും നഴ്സുമാരേയും പൊലീസിനേയും അക്രമിക്കാതിരിക്കുക, മാരക ലഹരികളോട് നോ പറയുക. 'ട്രിവാൻഡ്രം ടു കശ്മീർ ' എന്ന ബോർഡ് വച്ച് സൈക്കിളിൽ വരുന്ന കൗമാരക്കാരനോട് വിശേഷം ചോദിക്കുന്നവരോടൊക്കെ ഈ സന്ദേശം ആവർത്തിക്കും.

പ്ലസ്ടുവിന് ശേഷം പല ജോലികളും ചെയ്തുകിട്ടുന്ന ചെറിയ തുക ഉപയോഗിച്ച് ചെറിയ യാത്രകൾ നടത്തി. ആറുമാസമായി ജഗതിയിലെ സ്വകാര്യ സ്ഥാപനത്തിൽ ജോലിചെയ്ത് കിട്ടിയ തുക കൂട്ടിവച്ചാണ് കശ്മീർ യാത്ര സഫലമാക്കുന്നത്. സന്ദീപ് അത്രമാത്രം മോഹിക്കുന്നുവെന്നതിനാൽ സ്ഥാപനവും മൂന്നുമാസത്തേക്ക് അവധി നൽകി. അടുത്തിടെ ഗൾഫിലേക്ക് പോയ അമ്മ സിന്ധുവും കേശവദാസപുരത്തെ വാടകവീട്ടിലുള്ള അമ്മൂമ്മയും സഹോദരങ്ങളും സുഹൃത്തുക്കളുമെല്ലാം സന്ദീപിന്റെ ആഗ്രഹത്തോടൊപ്പം.

പരമാവധി സംസ്ഥാനങ്ങൾ കടന്ന് 8000 കിലോമീറ്ററാണ് യാത്ര. ദിവസേന ശരാശരി 150 കിലോമീറ്റർ. ആദ്യ ദിവസം, പക്ഷേ കൊല്ലത്ത് തങ്ങും. തുടർന്ന് കൊച്ചി, കാസർകോട്, മംഗലാപുരം, ഗോവ, മൈസൂരു, ബംഗളൂരു, തിരിച്ച് ചെന്നൈ.. തുടർന്ന് മധ്യ–ഉത്തര ഇന്ത്യയിലൂടെ കശ്മീരിലെത്തി മടക്കം.




# തോൾസഞ്ചി പറയും 'റിയൽ കേരള സ്റ്റോറി '




■ സുജിത് ബേബി
തിരുവനന്തപുരം

വർഗീയവിഷം ചീറ്റാൻ വെള്ളിത്തിരയിൽ 'ഫാൾസ് സ്റ്റോറി' ചമയ്ക്കുന്നവർക്കിടയിലൂടെ തോൾസഞ്ചി തൂക്കി 'റിയൽ കേരള സ്റ്റോറി' വരുന്നു. അഖിലേന്ത്യ സ്റ്റേറ്റ് ഗവ. എംപ്ലോയീസ് ഫെഡറേഷൻ ദേശീയ എക്സിക്യൂട്ടീവ് പ്രതിനിധികൾക്ക് കൈമാറാൻ തയ്ച്ചെടുത്ത തോൾസഞ്ചികളിലാണ് കേരളത്തിന്റെ ബദലുകളെ വരച്ചിട്ടിരിക്കുന്നത്.

ആരോഗ്യമേഖലയും വാട്ടർ മെട്രോയും അമ്പലവും പള്ളിയും മോസ്കും കെ ഫോണും റോഡുകളും പാലങ്ങളും കൊച്ചി മെട്രോയും പെൻഷൻ വാങ്ങി ചിരിക്കുന്ന അമ്മമാരും ഫുട്ബോളും ലൈഫ് വീടുകളും അടുക്കളത്തോട്ടവും പ്രകൃതിയും തുടങ്ങി കേരളത്തിന്റേതെല്ലാം സഞ്ചിയിലുണ്ട്.

എഫ്എസ്ഇടിഒ സംസ്ഥാന ജനറൽ സെക്രട്ടറി എം എ അജിത് കുമാറിന്റേതാണ് ആശയം. സി–ഡാക് ജീവനക്കാരനായ സുധീറാണ് ആശയങ്ങളെ ചിത്രരൂപത്തിലാക്കിയത്. പ്രമുഖ സഞ്ചിനിർമാതാക്കളായ 'സഞ്ചി'യിലാണ് നിർമാണം. തങ്ങളുടെ മറ്റു ബാഗുകളിലും ഈ ആശയം ഉപയോഗപ്പെടുത്തി 'റിയൽ കേരള സ്റ്റോറി' സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെത്തിക്കുമെന്ന് സഞ്ചി ഉടമയായ സഫർ അമീർ പറഞ്ഞു.

# ദൂരം ഇനി അരികെ 10 ഗ്രാമവണ്ടി

■ അജ്നാസ് അഹമ്മദ്
തിരുവനന്തപുരം

ഏതുവഴിയിലും എപ്പോഴും യാത്രാസൗകര്യം, അതും കുറഞ്ഞ ചെലവിൽ... അതാണ് മലയാളികൾക്ക് കെഎസ്ആർടിസി. ആ കെഎസ്ആർടിസിയുമായി കൈകോർത്ത് ഇത്തവണ ഉൾഗ്രാമങ്ങളിലെ യാത്രാപ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ജില്ലാ പഞ്ചായത്ത്. അതിനായി 10 ഗ്രാമവണ്ടി നിരത്തിലിറക്കാൻ ഒരുങ്ങുകയാണ് ജില്ലാ പഞ്ചായത്ത്.

പൊതുഗതാഗതം ലഭ്യമാകാത്ത ഉൾപ്രദേശങ്ങളിൽ ചുരുങ്ങിയ ചെലവിൽ ഗതാഗത സൗകര്യമൊരുക്കുകയാണ് ലക്ഷ്യം. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കെഎസ്ആർടിസിയുമായി കൈകോർത്ത് സംസ്ഥാനത്ത് ആദ്യമായാണ് ഗ്രാമവണ്ടി പദ്ധതി നടപ്പാക്കുന്നത്.

കഴിഞ്ഞ ബജറ്റിൽ തനത് ഫണ്ടിൽനിന്ന് ഒരു കോടി രൂപ ഗ്രാമവണ്ടിക്കായി വകയിരുത്തിയിരുന്നു. ബസിന്റെ ഡീസൽ ചെലവ് വഹിച്ച് ജില്ലാ പഞ്ചായത്ത് നിശ്ചയിക്കുന്ന റൂട്ടിലും സമയക്രമത്തിലും സർവീസുകൾ നടത്തും. ജീവനക്കാരുടെ ശമ്പളം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, യന്ത്രഭാഗങ്ങൾ, ഇൻഷുറൻസ് എന്നിവ കെഎസ്ആർടിസിയാണ് വഹിക്കുക. ഒരു ബസിന് വർഷം 12 ലക്ഷം രൂപയാണ് ഭരണസമിതി ചെലവ് പ്രതീക്ഷിക്കുന്നത്.

വാഹനസൗകര്യങ്ങൾക്ക് പ്രയാസം നേരിടുന്ന ജില്ലയിലെ ഉൾപ്രദേശങ്ങൾക്കാണ് മുൻതൂക്കം നൽകുക. കോവിഡ് രൂക്ഷമായിരുന്നപ്പോൾ സർവീസ് മുടങ്ങിയ റൂട്ടുകളിൽ ഗ്രാമവണ്ടിയിലൂടെ സർവീസ് പുനരാരംഭിക്കും.

കെഎസ്ആർടിസി കഴിഞ്ഞവർഷം ആരംഭിച്ച ഗ്രാമവണ്ടി പദ്ധതി സംസ്ഥാനത്തെ നിരവധി പഞ്ചായത്തുകൾ ഏറ്റെടുത്തിരുന്നു. ജില്ലയിൽ കൊല്ലായിൽ, കുന്നത്തുകാൽ പഞ്ചായത്തുകളുടെ നേതൃത്വത്തിലും ഗ്രാമവണ്ടി സർവീസ് നിലവിലു ണ്ട് ഇതിനു പുറമെയാണ് ജില്ലാ പഞ്ചായത്തും പദ്ധ തി ഏറ്റെടുക്കുന്നത്.

ഗ്രാമീണമേഖലയുടെ യാത്രാ പ്രശ്നങ്ങൾക്ക് ആശ്വാസമായി പരമാവധി ഡിവിഷനുകളിലേക്കും ബസുകൾ എത്തിക്കുംവിധമാണ് റൂട്ടുകളും സമയക്രമവും നിശ്ചയിക്കുകയെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ പറഞ്ഞു.

